# കാന്റീൻ കരാറിനുള്ള ക്വട്ടേഷൻ (Quotation Form)



## 1. അപേക്ഷകന്റെ വിവരങ്ങൾ (Applicant Details)

| | |
|---|---|
| **അപേക്ഷകന്റെ / സ്ഥാപനത്തിന്റെ പേര്** | |
| **മേൽവിലാസം** | |
| **ഫോൺ നമ്പറും ഇമെയിലും** | |
| **FSSAI ലൈസൻസ് നമ്പർ (പകർപ്പ് ഉള്ളടക്കം ചെയ്യുക)** | |

## 2. വാടക തുക (Financial Quotation)

| | |
|---|---|
| **പ്രതിദിന വാടക (രൂപയിൽ)** | ₹ __________ / ദിവസം |
| **അക്ഷരത്തിൽ** | |

*കുറഞ്ഞത് പ്രതിദിനം 1,200 രൂപ പ്രതീക്ഷിക്കുന്നു.

## 3. മുൻപരിചയം (Previous Experience)

| സ്ഥാപനത്തിന്റെ പേര് | കാലയളവ് | Turnover |
|---|---|---|
| | | |
| | | |
| | | |

"കൂടുതൽ വിവരങ്ങൾ ഉണ്ടെങ്കിൽ പ്രത്യേക പേപ്പറിൽ ഉള്ളടക്കം ചെയ്യാവുന്നതാണ്"

# കാന്റീൻ കരാറിനുള്ള ക്വട്ടേഷൻ (Quotation Form)



## 4. പ്രധാന ഭക്ഷണ വിഭവങ്ങൾ (Main Menu Dishes)

| നം. | വിഭവം (Item) | വില (₹) | നം. | വിഭവം (Item) | വില (₹) |
|---|---|---|---|---|---|
| 1 | | | 6 | | |
| 2 | | | 7 | | |
| 3 | | | 8 | | |
| 4 | | | 9 | | |
| 5 | | | 10 | | |

"മെനുവിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ ഉണ്ടെങ്കിൽ പ്രത്യേക പേപ്പറിൽ ഉള്ളടക്കം ചെയ്യാവുന്നതാണ്"

**സത്യപ്രസ്താവന:** കാന്റീൻ നടത്തിപ്പുമായി ബന്ധപ്പെട്ട എല്ലാ നിബന്ധനകളും ഞാൻ/ഞങ്ങൾ വായിച്ചു മനസ്സിലാക്കിയിട്ടുണ്ട്. ഇതിൽ നൽകിയിരിക്കുന്ന വിവരങ്ങൾ പൂർണ്ണമായും സത്യമാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

തീയതി: _____________
സ്ഥലം: _____________

**അപേക്ഷകന്റെ ഒപ്പ്**
(പേരും സീലും)

---

**ഓഫീസ് ആവശ്യത്തിന് മാത്രം (FOR OFFICE USE ONLY)**

അപേക്ഷ സ്വീകരിച്ച തീയതി: ..................................................................

കമ്മിറ്റിയുടെ തീരുമാനം: [ ] സ്വീകരിച്ചു [ ] നിരസിച്ചു വാടക തുക: ₹ ......................

കമ്മിറ്റി അംഗങ്ങളുടെ ഒപ്പ്: ...................................................................................

## കോളേജ് കാന്റീൻ കരാറുമായി ബന്ധപ്പെട്ട നിബന്ധനകളും വ്യവസ്ഥകളും

1. സമർപ്പിച്ച ക്വട്ടേഷനുകൾ കാന്റീൻ എക്സിക്യൂട്ടീവ് കമ്മിറ്റി പരിശോധിക്കുന്നതാണ്. പ്രതിദിന വാടക തുക, മുൻപരിചയം, വിശ്വസനീയത, കോളേജിന് എത്രത്തോളം അനുയോജ്യമാണ് എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും കരാർ നൽകുന്നത്. കമ്മിറ്റിയുടെ തീരുമാനം അന്തിമമായിരിക്കും.
2. കരാർ ഒപ്പിടുന്ന തീയതി മുതൽ ആദ്യത്തെ പതിനൊന്ന് മാസത്തേക്ക് കരാർ പ്രകാരം കാന്റീൻ പ്രവർത്തിക്കും. പരസ്പര സമ്മതപ്രകാരം ഇത് നീട്ടാവുന്നതാണ്.
3. കാന്റീൻ കരാറുകാരൻ 75,000 രൂപ (എഴുപത്തയ്യായിരം രൂപ മാത്രം) സെക്യൂരിറ്റി ഡെപ്പോസിറ്റായി കോളേജിൽ അടയ്ക്കേണ്ടതാണ്. കരാർ അവസാനിക്കുന്ന സമയത്ത് വാടക കുടിശ്ശിക, വൈദ്യുതി-വാട്ടർ ചാർജുകൾ, കെട്ടിടത്തിനോ ഫർണിച്ചറുകൾക്കോ ഉള്ള കേടുപാടുകൾ തുടങ്ങിയവ തീർപ്പാക്കിയ ശേഷം ഈ തുക പലിശയില്ലാതെ തിരികെ നൽകുന്നതാണ്.
4. പ്രതിമാസ വൈദ്യുതി ചാർജും വാട്ടർ ചാർജും മീറ്റർ റീഡിംഗ് അനുസരിച്ച് കരാറുകാരൻ നൽകേണ്ടതാണ്.
5. കൊച്ചിൻ കോർപ്പറേഷന്റെ ആരോഗ്യ വകുപ്പോ മറ്റ് ബന്ധപ്പെട്ട അധികാരികളോ കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്ന ശുചിത്വ മാനദണ്ഡങ്ങൾ ഭക്ഷണം വാങ്ങുന്നതിലും പാകം ചെയ്യുന്നതിലും വിളമ്പുന്നതിലും കരാറുകാരൻ നിർബന്ധമായും പാലിക്കേണ്ടതാണ്.
6. കാന്റീനിൽ ഉൽപാദിപ്പിക്കപ്പെടുന്ന എല്ലാ തരത്തിലുമുള്ള മാലിന്യങ്ങളുടെ ശരിയായ സംസ്കരണം കരാറുകാരന്റെ ഉത്തരവാദിത്വം ആയിരിക്കും .
7. കരാറുകാരൻ പ്രതിദിന വാടക മാസടിസ്ഥാനത്തിൽ നൽകണം. (കുറഞ്ഞ തുക പ്രതിദിനം 1200 രൂപ. അന്തിമ തുക ക്വട്ടേഷനിലൂടെ തീരുമാനിക്കും).

8. കാന്റീൻ രാവിലെ 7.00 മണി മുതൽ രാത്രി 9.00 മണി വരെ പ്രവർത്തിക്കേണ്ടതാണ്.
9. കോളേജിലെ വിവിധ വകുപ്പുകളിൽ നിന്നും ഓഫീസുകളിൽ നിന്നും ലഭിക്കുന്ന ഓർഡറുകൾ പ്രകാരം കൃത്യസമയത്ത് ഗുണമേന്മയുള്ള ഭക്ഷണം അതാത് സ്ഥലങ്ങളിൽ എത്തിച്ച് നൽകുന്നുണ്ടെന്ന് കരാറുകാരൻ ഉറപ്പുവരുത്തണം.
10. സ്പോർട്സ് ഹോസ്റ്റൽ വിദ്യാർത്ഥികൾ, കോളേജ് ടീം അംഗങ്ങൾ, എൻ.സി.സി കേഡറ്റുകൾ തുടങ്ങിയവർക്ക് പ്രിൻസിപ്പലിന്റെയോ വകുപ്പ് മേധാവികളുടെയോ സ്റ്റാഫ് വെൽഫെയർ അസോസിയേഷൻ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയോ രേഖാമൂലമുള്ള അനുമതിയോടെ ക്രെഡിറ്റ് സൗകര്യം (കടമായി നൽകുന്നത്) അനുവദിക്കേണ്ടതാണ്.
11. മെനുവിലെ ഓരോ ഇനത്തിന്റെയും വില കരാറുകാരൻ പ്രിൻസിപ്പലുമായി ആലോചിച്ച് നിർദ്ദേശിക്കാവുന്നതും കാന്റീൻ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അത് നടപ്പിൽ വരുത്തുന്നതും ആയിരിക്കും.
12. കാന്റീൻ ഭരണത്തിലും ജീവനക്കാരെ നിയമിക്കുന്നതിലും കരാറുകാരന് പൂർണ്ണ അധികാരമുണ്ടായിരിക്കും. എന്നാൽ, കരാറുകാരൻ നിയമിക്കുന്ന ജീവനക്കാരെ കോളേജ് ജീവനക്കാരായി പരിഗണിക്കില്ല. കാന്റീൻ ജീവനക്കാർക്ക് നിയമപരമായി വേണ്ട എല്ലാ കാര്യങ്ങളും (രെജിസ്ട്രേഷൻ , ഹെൽത്ത് കാർഡ് ഉൾപ്പെടെയുള്ളവ) ഉറപ്പു വരുത്തേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്വം ആയിരിക്കും
13. കാന്റീന്റെ ഉൾവശത്തെ ജോലികൾ, അടുക്കള ഉപകരണങ്ങൾ സ്ഥാപിക്കൽ, സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകം ശൗചാലയങ്ങൾ, ഇലക്ട്രിക്കൽ ജോലികൾ, പെയിന്റിംഗ്, ഓഡിയോ-വീഡിയോ സംവിധാനങ്ങൾ തുടങ്ങിയവ കരാറുകാരന്റെ ചെലവിൽ ചെയ്യേണ്ടതാണ്. കോളേജിന്റെ രേഖാമൂലമുള്ള അനുമതിയില്ലാതെ കെട്ടിടത്തിൽ മാറ്റങ്ങൾ വരുത്താൻ

പാടില്ല. വേനലവധി കാലത്ത് കെട്ടിടത്തിന്റെ വാർഷിക അറ്റകുറ്റപ്പണികൾ കോളേജ് നടത്തുന്നതാണ്.

14. കാന്റീൻ കെട്ടിടത്തിന്റെ വസ്തു നികുതിയും മറ്റ് സർക്കാർ നികുതികളും കോളേജ് അടയ്ക്കുന്നതാണ്.
15. കരാറിലെ ഏതെങ്കിലും വ്യവസ്ഥകൾ കരാറുകാരൻ ലംഘിച്ചാൽ, മൂന്ന് മാസത്തെ നോട്ടീസ് നൽകിക്കൊണ്ട് കരാർ റദ്ദാക്കാൻ കോളേജിന് അധികാരമുണ്ട്. കൂടാതെ എന്തെങ്കിലും നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ടെങ്കിൽ അത് ഈടാക്കാനും കോളേജിന് അവകാശമുണ്ടായിരിക്കും.
16. കോളേജിന്റെ പാരമ്പര്യത്തിനും അന്തസ്സിനും യോജിച്ച രീതിയിൽ കാന്റീനിൽ അച്ചടക്കം നിലനിർത്തേണ്ടതാണ്. കോളേജ് കാമ്പസിൽ ലഹരിവസ്തുക്കളും പുകയില ഉൽപ്പന്നങ്ങളും നിരോധിച്ചിട്ടുള്ളതിനാൽ, കാന്റീനിലോ പരിസരത്തോ ഇവ ഉപയോഗിക്കുന്നില്ലെന്ന് കരാറുകാരൻ ഉറപ്പാക്കണം.
17. സ്റ്റാഫ് വെൽഫെയർ അസോസിയേഷൻ അംഗങ്ങൾ കാന്റീനിലെ ഭക്ഷണത്തിന്റെ ഗുണനിലവാരവും ശുചിത്വവും പരിശോധിക്കുന്നതും, സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കരാറിലെ ഇരു കക്ഷികളും കൃത്യമായ ഇടവേളകളിൽ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതുമായിരിക്കും.